II ഇ.ബി. XIII- കേരള നിയമസഭ/V-13

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2012 ജൂൺ 27, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

40 (*361) സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, മന്ത്രിസഭയുടെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള രോഗികൾക്ക് നവംബർ 1 മുതൽ സൗജന്യമായി ജനറിക് മെഡിസിൻ വിതരണം ചെയ്യുന്നതിന് 07-06-2012-ൽ ഉത്തരവായിട്ടുണ്ടെന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക ബിവറേജസ് കോർപ്പറേഷൻ മുഖേന മദ്യത്തിന് 1% സെസ്സ് ഏർപ്പെടുത്തി ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഈ ഇനത്തിൽ 1 കോടി രൂപയോളം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മുൻസർക്കാരിന്റെ കാലത്ത് ബി.പി.എൽ വിഭാഗങ്ങൾക്കുമാത്രമായി നിജപ്പെടുത്തിയിരുന്ന സൗജന്യ മരുന്നു വിതരണ

പദ്ധതിയിൽ എ.പി.എൽ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. 2010–11 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 166.34 കോടി രൂപയ്ക്കുള്ള മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽകോളേജ് പ്രിൻസിപ്പൽ അദ്ധ്യക്ഷനായ ഡ്രഗ്സ് റാഷണലൈസേഷൻ കമ്മിറ്റി ഡോക്ടർമാർ പ്രിസ്ക്രൈബ് ചെയ്യേണ്ട മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് ആശുപത്രികളിലെത്തിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിലൂടെ പുറത്തേയ്ക്കുള്ള പ്രിസ്ക്രിപ്ഷൻ ഒഴിവാക്കാൻ സാധിക്കും. ആരോഗ്യരംഗത്തെ വിദഗ്ദ്ധരുമായി ചർച്ച നടത്തിയ ശേഷമേ ഇത് നടപ്പാക്കുകയുള്ളൂ. കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയും മരുന്നും ലഭ്യമാക്കുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണ്. കാൻസർപോലുള്ള മാരകരോഗങ്ങൾ ബാധിച്ചവരെ സഹായിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ കീഴിൽ കാരുണ്യ ബനവലന്റ് ഫണ്ട് രൂപീകരിച്ച് 2 ലക്ഷം രൂപ വീതം നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. 35 കാരുണ്യ മെഡിക്കൽ സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും തിരുവനന്തപുരം മെഡിക്കൽ കോളേജിലും കല്ലറയിലും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്. സർക്കാർ ആശുപത്രികളിൽ അത്യാധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ സാദ്ധ്യമാക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. ജില്ലാ ആശുപത്രികളിൽ അടിയന്തിരമായും താലൂക്ക് ആശുപത്രികളിൽ അടുത്തഘട്ടമായും ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതാണ്. മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര

സർക്കാർ സ്ഥാപനമായ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണെന്നും അമിതവില ഈടാക്കുന്ന മരുന്നു കമ്പനി കൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഡ്രഗ്സ് കൺട്രോളർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സർക്കാർ മേഖലയിൽ പുതിയ മരുന്നു കമ്പനികൾ ആരംഭിക്കുന്നതിനെക്കുറിച്ചും ഹൈടെക് മെഡിസിനുകളുടെ വിതരണം ഏറ്റെടുക്കുന്നതു സംബന്ധിച്ചും രോഗികളിൽ നിന്നും അമിത ഫീസീടാക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതു സംബന്ധിച്ചും ആലോചിച്ചുവരികയാണെന്നും പനി പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ആശുപത്രികളിൽ ഡോക്ടർമാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അവരുടെ വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം ക്യാൻസൽ ചെയ്യുന്നതിന് ക്യാബിനറ്റ് തീരുമാനി ച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**41 (*362) ബാലവേല**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, അന്യസംസ്ഥാന തൊഴിലാളികളുടെ വരവ് വർദ്ധിച്ചുവെങ്കിലും ബാലവേലയുടെ തോത് ഉയർന്നിട്ടില്ലെന്നും നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതാണെന്നും സഭയെ അറിയിച്ചു. ബാലവേല നിരോധന നിയമത്തിലേയും ഫാക്ടറീസ് ആക്ടിലേയും വ്യവസ്ഥകളിൽ വൈരുദ്ധ്യങ്ങളുള്ളതിനാൽ 14 വയസ്സിന് മുകളിലുള്ള കുട്ടികളുടേത് ബാലവേലയായി കണക്കാക്കാൻ ലേബർ ഡിപ്പാർട്ടുമെന്റിന് കഴിയാത്ത അവസ്ഥയാണുള്ളത്. 18 വയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ട് വീട്ടുജോലി പോലെ അപകടസാദ്ധ്യതയുള്ള ജോലികൾ

ചെയ്യിക്കാൻ പാടില്ലെന്ന് ജുവനൈൽ ജസ്റ്റിസ് ആക്ടിൽ വ്യവസ്ഥയുളള തിനാൽ ആഭ്യന്തര/സാമൂഹ്യക്ഷേമ വകുപ്പുകൾക്ക് ഇതിനെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. ബാലവേല നിരോധിക്കുന്നതിന് സാമൂഹ്യ അവബോധം ആവശ്യമാണ്. തിരുവനന്തപുരത്തെ ഹോട്ടലുകൾ കേന്ദ്രീകരിച്ച് നടത്തിയ സ്പെഷ്യൽ ഡ്രൈവ് ഫലപ്രദമാകാത്ത സാഹച ര്യത്തിൽ ഒരിക്കൽക്കൂടി പരിശോധന നടത്തുന്നതാണ്. കുട്ടികളെ ഭിക്ഷാട നത്തിന് ഉപയോഗിക്കുന്നതിനെതിരെ ആഭ്യന്തര വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്. മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച അന്യ സംസ്ഥാന തൊഴിലാളി ക്ഷേമ പദ്ധതി ഫലപ്രദമാകാത്ത സാഹചര്യത്തിൽ പുതിയ രജിസ്ട്രേഷൻ നടപടി ആരംഭിക്കുകയും അന്യസംസ്ഥാന തൊഴിലാളികളും അവരുടെ തൊഴിൽദാതാവും നാല് മാസത്തിനകം പേര് രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ ഫലമായി ഇതിനോടകം 30000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ കാർഡ് നൽകുന്നുണ്ടെന്നും അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും തൊഴിലാളികൾക്കായി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും ലേബർ സപ്ലൈ ഏജൻസിയും രൂപീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും മന്ത്രി അറിയിച്ചു. അന്യസംസ്ഥാനതൊഴിലാളികൾക്ക് ക്ഷേമവും സംരക്ഷണവും നൽകുന്ന തരത്തിൽ അവരുടെ പേരും അഡ്രസ്സും ഉൾപ്പെടുത്തിക്കൊണ്ടുള്ള രജിസ്ട്രേഷൻ സംവിധാനം ആഭ്യന്തര വകുപ്പിന്റെ കീഴിൽ ആരംഭിച്ചി

ട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി വ്യക്തമാക്കി.

42 (*363) <u>പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ</u>

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്രവർഗ്ഗ കമ്മീഷൻ ആക്ട് പ്രകാരം 20-02-2008-ൽ ശ്രീ. പി.കെ. ശിവാനന്ദൻ ചെയർമാനായി നിലവിൽ വന്ന കമ്മീഷൻ 41 സിറ്റിംഗുകൾ നടത്തിയതിലൂടെ ലഭിച്ച 5449 പരാതികളിൽ 3878 എണ്ണവും, ജില്ലകളിൽ അദാലത്തുകൾ നടത്തിയതിലൂടെ ലഭിച്ച 2736 പരാതികളിൽ 1993 എണ്ണവും തീർപ്പാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 16-05-2008-ൽ അട്ടപ്പാടിയിലെ അദാലത്തിൽ പങ്കെടുത്തവർക്കും 14-03-2008-ൽ കോഴിക്കോട് കിർത്താഡ്സിൽ നടത്തിയ ക്ലാസ്സിൽ പങ്കെടുത്ത പഞ്ചായത്ത് പ്രസിഡന്റ്/മെമ്പർമാർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ (നിരോധന) നിയമം, സിവിൽ റൈറ്റ്സ് സംരക്ഷണ നിയമം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന നിയമപരിരക്ഷ എന്നിവയെക്കുറിച്ച് അവബോധം നൽകുകയും പട്ടികവർഗ്ഗ സങ്കേതങ്ങളും കോളനികളും സന്ദർശിച്ച് കോളനി നിവാസികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് അവയ്ക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രൊമോട്ടർമാരുടെ മീറ്റിംഗുകൾ സംഘടിപ്പിച്ച് സേവന മനോഭാവത്തോടെ ജോലി ചെയ്യാൻ അവരെ ഉത്ബോധിപ്പിച്ചിട്ടുണ്ട്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് എസ്.സി./എസ്.ടി.ക്കുവേണ്ടിയുള്ള

സ്പെഷ്യൽ കോടതി മഞ്ചേരിയിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിലിനുള്ള സാമ്പത്തിക സഹായം നൽകാത്ത ബാങ്കുകൾക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും എസ്.സി./എസ്.ടി. വിഭാഗക്കാരുടെ 50,000 രൂപ വരെയുള്ള വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും എസ്.സി. വിഭാഗത്തിൽപ്പെട്ടവർ കൂടുതലുള്ള സ്ഥലത്ത് എസ്.സി. ഫണ്ട് കൂടുതലായി വിനിയോഗിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

43 (*364) മരുന്നുകളുടെ ദുരുപയോഗം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മാനസിക രോഗങ്ങൾക്കുള്ള മരുന്നുകൾ, Codeine അടങ്ങിയ സിറപ്പുകൾ, വേദന സംഹാരികൾ, ഹോർമോൺ മരുന്നുകൾ തുടങ്ങിയവ ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുള്ളതിനാൽ അവയുടെ വിതരണവും വില്പനയും നിയന്ത്രിച്ചിട്ടുണ്ടെന്നും ഡോക്ടറുടെ കുറിപ്പടിയോടുകൂടി മാത്രമേ ഇത്തരത്തിലുള്ള മരുന്നുകൾ വില്പന നടത്താൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എല്ലാ മെഡിക്കൽ ഷോപ്പുകളിലും ഈ മരുന്നുകൾ ഉപയോഗിക്കുന്ന രോഗിയുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്താനും കുറിപ്പടിയിൽ മരുന്ന് കൊടുത്ത തീയതിയും വിതരണക്കാരന്റെ മേൽവിലാസവും രേഖപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ രജിസ്റ്റർ പരിശോധിച്ച് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാർക്ക് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ മാസവും 5-ാം

തീയതിക്കു മുമ്പായി ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുള്ള മരുന്നുകളുടെ വില്പന വിവരങ്ങൾ ബാച്ച് നമ്പർ സഹിതം അതാത് ജില്ലാ അധികാരികളെ അറിയിക്കുന്നതിനും കേരളത്തിലെ സി ആന്റ് എഫ് ഏജന്റ്/Depot-കളുടെ വില്പന വിവരങ്ങൾ അതാത് ജില്ലാ ഓഫീസർമാരേയും സോണൽ ഓഫീസർമാരേയും അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാമാന്യ അനുപാതത്തിൽ കൂടുതൽ മരുന്നുകൾ കൈകാര്യം ചെയ്യുന്ന കടകളിലും സ്ഥാപനങ്ങളിലും പരിശോധന നടത്തുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പർച്ചേസ് ബിൽ, സെയിൽസ് റെക്കോർഡ് എന്നിവയില്ലാതെ പ്രസ്തുത മരുന്നുകൾ വില്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ശക്തിപ്പെടുത്തുന്നതാണെന്നും ആൾ കേരള കെമിസ്റ്റ്സ് ആന്റ് ഡ്രഗ്ഗിസ്റ്റ്സ് അസോസിയേഷന് ഏർപ്പെടുത്തിയ നിരോധനത്തിനെതിരെ സ്റ്റേ വാങ്ങിയിരിക്കുകയാണെന്നും ഇടനിലക്കാരെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

നക്ഷത്രചിഹ്നമിട്ട 365 മുതൽ 390 വരെയുള്ള ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3853 മുതൽ 4193 വരെയുള്ള ചോദ്യങ്ങളിൽ 79 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)